എലത്തൂർ പഞ്ചായത്തിൽ കടൽഭിത്തി

72 [2681] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ കടൽഭിത്തി കെട്ടുന്നതിന് ആവശ്യമായ എന്തെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ എത്ര മീറ്റർ ദൂരം കല്ലിടുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) എലത്തൂർ പഞ്ചായത്തിൽ 1.75 കി.മീ. കടൽഭിത്തി പുനരുദ്ധരിക്കുന്നതിനുവേണ്ടി 217 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

സുനാമിയും സുരക്ഷിതത്വ നടപടികളും

73 [2683] ശ്രീ. സി. പി. മുഹമ്മദ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വർക്കല കഹാർ:
,, ജി. കാർത്തികേയൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ാം തീയതിയിലെ സുനാമി കടൽക്ഷോഭത്തെയും 2005 മേയിൽ ഉണ്ടായ കടലാക്രമണത്തേയും തുടർന്ന് സംസ്ഥാനത്തിന്റെ കടൽത്തീരത്ത് കൈക്കൊള്ളേണ്ട സുരക്ഷിതത്വ നടപടികളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ നേതൃത്വത്തിലാണ് പഠനം നടത്തിയത് എന്നും എവിടെയെല്ലാമാണ് പഠനം നടത്തിയതെന്നും വെളിപ്പെടുത്താമോ;

(സി) ഈ പഠനപ്രകാരം എവിടെയെല്ലാം കടൽതീര സംരക്ഷണത്തിനായി പുലിമുട്ട് കെട്ടേണ്ടതുണ്ടെന്നും എവിടെയെല്ലാം കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കേണ്ടത് ഉണ്ടെന്നും എവിടെയെല്ലാം ഭിത്തി നിർമ്മിക്കേണ്ടതുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ജല വിഭവ വകുപ്പ് പഠനമൊന്നും നടത്തിയിട്ടില്ല.

(ബി & സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly